പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2514 18.07.2011 - ൽ മറുപടിയ്ക്ക്

ജൈവ വളങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കൃഷി ഓഫീസുകൾ മുഖേനയും പഞ്ചായത്തുകൾ മുഖേനയും നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജൈവ വളങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ ? | കൃഷിഭവനുകൾ മുഖേനയും പഞ്ചായത്തുകൾ മുഖേനയും നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി വളം വില്പന ലൈസൻസുള്ള സർവ്വീസ് സഹകരണസംഘങ്ങൾ, ലൈസൻസുള്ള അംഗീകൃത ഡീലർമാർ എന്നിവർ വഴി മാത്രമാണ് ജൈവവളങ്ങൾ നൽകി വരുന്നത്. വിതരണം നടത്തുന്ന ജൈവവളങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സാമ്പിൾ പരിശോധനകൾ നിലവിലുണ്ട്. ഈ പരിശോധനയിൽ പാക്യജനകം, ഭാവഹം, ക്ഷാരം എന്നീ മൂലകങ്ങൾ കണ്ടുപിടിക്കുകയാണ് ചെയ്യുന്നത്. കൂടാതെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ജൈവവളം വിതരണം ചെയ്യുമ്പോൾ ഒരു ആറംഗ ജനകീയ കമ്മിറ്റി രൂപീകരിച്ച് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ജൈവവളം നൽകേണ്ടതെന്ന നിർദേശം നൽകിയിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സഹകരണ സംഘം പ്രസിഡന്റ്, പഞ്ചായത്തിലെ ഏറ്റവും വലിയ പാടശേഖര സമിതിയുടെ പ്രസിഡന്റ് എന്നിവരായിരിക്കും. ഈ കമ്മിറ്റി അംഗീകരിക്കുന്ന വളം അംഗീകൃത വിലയ്ക്ക് പ്രാഥമിക സഹകരണ സംഘം വഴി വിതരണം ചെയ്യണം |

സെക്ഷൻ ഓഫീസർ